(സി) Non Communicable Diseases (NCDs)-ന്റെ പ്രതിരോധത്തിനായി 32.44 കോടി രൂപയുടെ പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്. ഇതിൽ 17.26 കോടി രൂപയുടെ പദ്ധതികളാണ് കേന്ദ്രം ശുപാർശ ചെയ്തത്. കേന്ദ്ര പദ്ധതി വിഹിതം 12.44 കോടി രൂപയാണ്. കൂടുതൽ തുക കേന്ദ്രത്തിൽനിന്ന് ലഭ്യമാക്കാനായി സപ്ലിമെന്ററി പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ (Supplementary PIP) തയ്യാറാക്കിവരുന്നു. കേന്ദ്രത്തിൽനിന്നും കൂടുതൽ തുക നേടിയെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രസവ ശസ്ത്രക്രിയയിടെയുണ്ടാകുന്ന അണുബാധ തടയാൻ നടപടി

30 (3461) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രസവ ശസ്ത്രക്രിയയിടെ അണുബാധയുണ്ടാകുന്നത് വ്യാപക മാകുന്നുവെന്ന തരത്തിലുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ സാഹചര്യത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ശസ്ത്രക്രിയ ഉപകരണങ്ങളുടെ ഗുണനിലവാരം കുറഞ്ഞതുമൂലം അണുബാധയുണ്ടാകുന്ന സാഹചര്യത്തിൽ പ്രസ്തുത കമ്പനിക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ടോ ;

(സി) എങ്കിൽ ഈ സർക്കാർ ഏതെങ്കിലും പ്രത്യേക കമ്പനികൾക്കെതിരെ പ്രസ്തുത വിഷയത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ അണുബാധയുണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ആവശ്യമായ ജാഗ്രതകൾ പാലിക്കുന്നതിന് എല്ലാ ആശുപത്രികൾക്കും മതിയായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് അണുബാധയുണ്ടാകുന്നതുമായി ബന്ധപ്പെട്ട് ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാരണങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ ആശുപത്രികളിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങളുടെ സംഭരണവും വിതരണവും നടത്തുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ആണ്. നാളിതുവരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ശസ്ത്രക്രിയാ ഉപകരണങ്ങളുടെ ഗുണനിലവാരക്കുറവിനെക്കുറിച്ചോ, അതുമൂലമുള്ള അണുബാധയെക്കുറിച്ചോ യാതൊരു പരാതിയും ലഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ഒരു കമ്പനി ക്കെതിരെയും നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) അണുബാധ തടയുന്നതിന് വിശദമായ മാർഗ്ഗരേഖകൾ ഉൾപ്പെടുത്തി ക്കൊണ്ടുള്ള 6-3-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 42/2015/ ആ.കു.വ. പ്രകാരം എല്ലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എല്ലാ സ്ഥാപനങ്ങളും പ്രസ്തുത ഉത്തരവ് നടപ്പിലാക്കിവരുന്നുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ

31 (3462) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരതീയ ചികിത്സാ വകുപ്പിലെ നഴ്സ് തസ്തികയിൽ ജോലിയിലിരിക്കെ കഴിഞ്ഞ 10 വർഷത്തിനിടെ സർക്കാർ ക്വാട്ടയിൽ ബി.എ.എം.എസ്. കോഴ്സ് പൂർത്തി യാക്കിയ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം പഠനം പൂർത്തിയാക്കിയവർക്ക് മെഡിക്കൽ ഓഫീസർ തസ്തിക യിലേക്ക് നേരിട്ട് പ്രൊമോഷൻ ലഭിക്കുന്നത് സംബന്ധിച്ച് ശ്രീമതി ഗൗരി വി. പി. ബഹു. ആരോഗ്യവകുപ്പ് മന്ത്രിക്ക് സമർപ്പിച്ച Health-D1/3/2015 Health dt 10-3-2015 എന്ന ഫയൽ നമ്പറിൽപ്പെട്ടതുമായ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒന്ന്.

(ബി) നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത് പബ്ലിക് സർവ്വീസ് കമ്മീഷൻവഴി നേരിട്ടുള്ള നിയമനം മുഖേനയും ഭാരതീയ ചികിത്സാവകുപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly